**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 88** **24-02-2022 - ൽ മറുപടിയ്ക്ക്**

**ആദിവാസി ഊരുകളിലെ പെൺകുട്ടികളുടെ ആത്മഹത്യ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. റോജി എം. ജോൺ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പെരിങ്ങമ്മല, വിതുര ആദിവാസി ഊരുകളിൽ കഴിഞ്ഞ രണ്ടുമാസത്തിനിടെ അഞ്ച് പെൺകുട്ടികളുടെ ആത്മഹത്യയുമായി ബന്ധപ്പെട്ടുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയം പട്ടികവർഗ്ഗ വികസന വകുപ്പ് ഗൗരവമായി തന്നെ കാണുകയും തുടർ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. |
| (ബി) | ഊരിന് പുറത്തുള്ളവർ കുട്ടികളെ മയക്കുമരുന്നിന് അടിമകളാക്കി ചൂഷണം നടത്തി അവരെ ആത്മഹത്യയിലേക്ക് നയിച്ചതാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (ബി) | മയക്കുമരുന്നിന് അടിമകളാക്കി ചൂഷണം നടത്തി ആത്മഹത്യയിലേയ്ക്ക് നയിച്ചതായ വിവരം ലഭ്യമായിട്ടില്ല. |
| (സി) | കുട്ടികളെ ലഹരിയ്ക്ക് അടിമകളാക്കാൻ പ്രവർത്തിക്കുന്നവരെ നിയമത്തിനു മുൻപിൽ കൊണ്ടുവരാനും ഊരിനു പുറത്തുള്ളവർ ഊരുവാസികളെ ലഹരിയ്ക്ക് അടിമകളാക്കുന്നത് തടയാനും വേണ്ട നടപടികൾ സ്വീകരിക്കുമോ; | (സി) | നടപടികൾ സ്വീകരിച്ചുവരുന്നു. അനധികൃതമായി രാത്രി കാലങ്ങളിൽ സങ്കേതങ്ങൾക്കുള്ളിൽ പ്രവേശിക്കുന്നവരെ കണ്ടെത്തുന്നതിന് കോളനികൾക്ക് അകത്ത് സി.സി.ടി.വി ക്യാമറ സ്ഥാപിക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു. പ്രതികളായിട്ടുള്ളവരെ പോലീസ് കസ്റ്റഡിയിൽ എടുത്ത് കേസ് രജിസ്റ്റർ ചെയ്ത് നിയമ നടപടി സ്വീകരിച്ച് വരുന്നു. എക്സൈസ് വകുപ്പിന്റെ സഹായത്തോടെ ഊരുകളിൽ ലഹരി വസ്തുക്കൾ തടയുന്നതിന് ശക്തമായി നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | ആദിവാസി ഊരുകളിലെ പെൺകുട്ടികളുടെ ആത്മഹത്യകൾക്കു പിന്നിൽ മൊബൈൽ ഫോണിന്റെ സ്വാധീനം കണ്ടെത്തിയുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഡി) | പെൺകുട്ടികളുടെ ആത്മഹത്യയ്ക്ക് പിന്നിൽ മൊബൈൽ ഫോണുകളുടെ ദുരുപയോഗം ഉള്ളതായി റിപ്പോർട്ട് ലഭിച്ചിട്ടില്ല. എന്നാൽ ഇവയുടെ സ്വാധീനം ഉള്ളതായി രക്ഷിതാക്കൾ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ